**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4003** **03-03-2023 - ൽ മറുപടിയ്ക്ക്**

**പേ വിഷബാധ മൂലം മരണപ്പെട്ടവരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പേ വിഷബാധ മൂലം മരണപ്പെട്ടവരുടെ എണ്ണം ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | 2021 മുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ള പേവിഷബാധ മൂലമുള്ള മരണങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | വാക്സിന്റെ കുറവുമൂലം യഥാസമയം പ്രതിരോധ കുത്തിവയ്പ് നടത്താൻ കഴിയാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ? | (ബി) | വാക്സിന്റെ കുറവു മൂലം യഥാസമയം പ്രതിരോധ കുത്തിവയ്പ് നടത്താൻ കഴിയാത്ത സ്ഥിതി ഉണ്ടായിട്ടില്ല. നിലവിൽ സംസ്ഥാനത്ത് പേവിഷബാധയ്ക്കെതിരെയുള്ള 616 സ്ഥാപനങ്ങളിൽ ആന്റി-റാബീസ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ഇവയിൽ 47 സ്ഥാപനങ്ങളിൽ കാറ്റഗറി-3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്.<br><br>മൃഗങ്ങളുടെ കടിയേറ്റ് ചികിത്സ തേടുന്നവരുടെ എണ്ണത്തിലുണ്ടായ വൻ വർദ്ധനവിനെ തുടർന്ന് സ്ഥാപനങ്ങളിൽ നിന്ന് Additional Indent വാങ്ങുകയും കൂടുതൽ വാക്സിൻ/ ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവ വാങ്ങാനുള്ള Supply Order നൽകിയിട്ടുമുണ്ട്. വാക്സിന്റെ ഉപഭോഗം ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിൽ, ടി. ഇനത്തിന്റെ ദൗർലഭ്യം നേരിടാതിരിക്കുന്നതിനായി ഇൻഡന്റ് മുഖേന ആവശ്യപ്പെട്ടതിനെക്കാൾ ഉപരിയായി (125%) കെ.എം.എസ്.സി.എൽ മുഖേന സംഭരിച്ച് നൽകിയിട്ടുണ്ട്. നിലവിൽ (27.02.2023 ലെ കണക്കുകൾ പ്രകാരം) പേവിഷ പ്രതിരോധ വാക്സിന് ജില്ലാ മരുന്നു സംഭരണകേന്ദ്രങ്ങളിൽ 1,70,120 വയലും, സംസ്ഥാനത്തെ വിവിധ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലായി 71035 വയലും ഉൾപ്പെടെ 2,41,155 വയലിന്റെ സ്റ്റോക്കുണ്ട്.<br><br>സ്റ്റോക്ക് തീരുകയാണെങ്കിൽ മേജർ സ്ഥാപനങ്ങളിൽ Local Purchase സംവിധാനം ഉപയോഗിച്ചും ഇവ ലഭ്യമാക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജുകളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന പേവിഷ ബാധ പ്രതിരോധ ക്ലിനിക്കുകൾ (Preventive Clinic) വഴി പേവിഷ ബാധയ്ക്ക് എതിരെയുള്ള വാക്സിൻ ആന്റി റാബീസ് സിറം സൗജന്യമായി രോഗികൾക്ക് നൽകി വരുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ വാക്സിൻ, സിറം എന്നിവയുടെ കുറവു മൂലം കുത്തിവയ്പ് നടത്താൻ കഴിയാത്ത സ്ഥിതി ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**2021 മുതൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പേവിഷബാധ മൂലമുള്ള മരണങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ**

| ജില്ല | 2021 | 2022 | 2023 |
|---|---|---|---|
| തിരുവനന്തപുരം | 1 | 8 | 0 |
| കൊല്ലം | 2 | 1 | 0 |
| പത്തനംതിട്ട | 1 | 1 | 0 |
| ഇടുക്കി | 0 | 1 | 0 |
| കോട്ടയം | 0 | 1 | 0 |
| ആലപ്പുഴ | 1 | 1 | 1 |
| എറണാകുളം | 0 | 0 | 0 |
| തൃശ്ശൂർ | 0 | 5 | 0 |
| പാലക്കാട് | 0 | 4 | 0 |
| മലപ്പുറം | 1 | 0 | 0 |
| കോഴിക്കോട് | 3 | 2 | 0 |
| വയനാട് | 0 | 0 | 0 |
| കണ്ണൂർ | 1 | 1 | 0 |
| കാസർഗോഡ് | 1 | 0 | |
| ആകെ | 11 | 25 | 1 |

സെക്ഷൻ ഓഫീസർ